(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

ക്ഷേമനിധി പരിരക്ഷ

67 (1030) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിവിധ മേഖലകളിലുള്ള തൊഴിലാളികളുടെ ലഭ്യമായ എണ്ണം പട്ടിക തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ക്ഷേമനിധികളുടെ പരിധിയിൽവരുന്ന തൊഴിലാളികളുടെ എണ്ണം ലഭ്യമാക്കുമോ ;

(സി) ക്ഷേമനിധി പരിരക്ഷ ഇല്ലാത്തത് ഏതൊക്കെ തൊഴിലാളി വിഭാഗങ്ങൾക്കാണെന്നും അവരുടെ എണ്ണം എത്ര വരുമെന്നും വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ക്ഷേമനിധിയും പെൻഷനും ഏർപ്പെടുത്തിയ തൊഴിൽ വിഭാഗങ്ങൾ, തൊഴിലാളികളുടെ എണ്ണം എന്നിവ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരളാ അൺ ഓർഗനൈസ്ഡ് റിട്ടയർഡ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. ഈ സ്കീം പ്രകാരം കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗത്വമെടുത്ത് 10 വർഷം പൂർത്തിയായവർക്ക് പെൻഷൻ നൽകി വരുന്നുണ്ട്. നിലത്തെഴുത്ത് ആശാൻ/ആശാട്ടിമാരെയും ഈ സ്കീമിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 3384 പേർ ഇപ്പോൾ ഈ പെൻഷൻ കൈപ്പറ്റുന്നുണ്ട്. കൂടാതെ പീടിക തൊഴിലാളികൾ, ആഭരണ തൊഴിലാളികൾ, ചെറുകിട തോട്ടം തൊഴിലാളികൾ, പാചക തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, കൂടിയേറ്റ തൊഴിലാളികൾ എന്നിവർക്കും ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ക്ഷേമനിധി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇവയിലെ തൊഴിലാളികളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

പുതുതായി രൂപീകൃതമായ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ

68 (1031) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏതൊക്കെ തൊഴിലാളി ക്ഷേമനിധി ബോർഡുകളാണ് പുതുതായി രൂപീകരിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പുതുതായി രൂപീകരിച്ച ബോർഡുകളുടെ ചെയർമാൻമാർ ആരൊക്കെയാണ് ;

(സി) ഇനി പുതുതായി ഏതൊക്കെ മേഖലയിലാണ് ക്ഷേമനിധി ബോർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) പുതുതായി രൂപീകരിച്ച ക്ഷേമനിധി ബോർഡുകളിൽ നാളിതു വരെ എത്ര വീതം തൊഴിലാളികൾ അംഗങ്ങളായി എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്, കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് എന്നീ ക്ഷേമനിധി ബോർഡുകളാണ് പുതുതായി രൂപീകരിച്ചത്.

(ബി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ ചെയർമാൻ ശ്രീ. എസ്. രാജേന്ദ്രനും ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. ബി. പ്രകാശും കേരള ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. എ. സി. മൊയ്തീൻ എം.എൽ.എ.-യുമാണ്.

(സി) അസംഘടിത തൊഴിലാളികൾക്കായി കേരള സംസ്ഥാന സാമൂഹ്യ സുരക്ഷാ ബോർഡ് രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ട്.

(ഡി) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിൽ 9-2-2011 വരെ 367224 തൊഴിലാളികൾ അംഗങ്ങളായി ചേർന്നിട്ടുണ്ട്. കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡിൽ 10-2-2011 വരെ 2770 തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്. ആഭരണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികളുടെ രജിസ്ട്രേഷൻ ആരംഭിച്ചിട്ടില്ല.

വ്യവസായശാലയിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആനുകൂല്യം

69 (1032) ശ്രീ. എ. എ. ഷുക്കൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിൽശാലയിൽവച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി അൻപതു ശതമാനത്തിൽ കൂടുതൽ അംഗഭംഗം വന്നതായി ബോർഡ് സർട്ടിഫൈ ചെയ്യുന്ന തൊഴിലാളികൾക്ക് പെൻഷനായശേഷം ഇ.എസ്.ഐ. ആനുകൂല്യം ഒന്നും ലഭിക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരത്തിൽ പരിക്കുമൂലം പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽനിന്നും മരുന്നും ചികിത്സാസൗകര്യവും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly